**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5127** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ നവീനമായ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിലെ പരമ്പരാഗത രീതികളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കുന്നതിനും വിദേശ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും വകുപ്പ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന നവീനമായ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കാർഷിക മേഖലയിലെ പരമ്പരാഗത രീതികളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആഗോള നിലവാരം പുലർത്തുന്ന തരത്തിൽ കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.<br><br>ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും പരമ്പരാഗത രീതിയിൽ നിന്നും മാറിയുള്ള കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കാർഷിക മേഖലയിലെ നവീനമായ അറിവുകൾ ഫലപ്രദമായി ഉപയോഗിച്ചും ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിച്ചും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിടുന്നു.<br><br>ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം |

ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകൾ' ആക്കുക എന്നതാണ് ഈ വർഷത്തെ പരിപാടികളുടെ മറ്റൊരു പ്രത്യേകത.

ഇന്ത്യയിൽ തന്നെ ആദ്യമായി കാർബൺ തുലിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറാകുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺ തുലിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷിവകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.വികസിത രാഷ്ട്രങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ച് വിജയിച്ചിട്ടുള്ളതും ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധ്യമായ നവീന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കൃഷി രീതി അനുവർത്തിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

പരമ്പരാഗത ഊർജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 2022-23 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎം കുസും വഴി അനർട്ടുമായി സഹകരിച്ച് കൃഷിയിൽ സൗരോർജ്ജം

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. പിഎം കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്-അപ് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.<br><br>വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷി ഭവനിൽ നിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുംകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ നിന്നും കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ എന്നിവയെക്കുറിച്ച് പഠിക്കുവാനും, നേരിട്ടിടപെടാനും, പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്ക് വേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.<br><br>വിദേശ ഫലവൃക്ഷങ്ങളായ റംബൂട്ടാൻ, മാങ്കോസ്റ്റീൻ, പുലാസാൻ തുടങ്ങിയവയുടെ കൃഷി വ്യാപകമാക്കുന്നതിന് ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയിലൂടെയും, എം.ഐ.ഡി.എച്ച് പദ്ധതിയ്ക്ക് ടോപ്-അപ് സബ്സിഡി എന്ന പദ്ധതിയിലൂടെയും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനോടനുബന്ധിച്ച് പ്ലാന്റേഷൻ നിർവ്വചനത്തിന്റെ പരിധിയിൽ പുതിയ വിളകളെ കൂടി ഉൾപ്പെടുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ? | (ബി) | ഈക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ